©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 ഡിസംബർ 15<br>15th December 2018<br>1194 വൃശ്ചികം 29<br>29th Vrischikam 1194<br>1940 അഗ്രഹായനം 24<br>24th Agrahayana 1940 | നമ്പർ<br>No. | 3178 |

## കേരള സർക്കാർ

സാംസ്കാരികകാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 08/2018/സാം.കാ.വ. *തിരുവനന്തപുരം, 2018 നവംബർ 28 / 1194 വൃശ്ചികം 12 / 1940 അഗ്രഹായനം 7.*

**എസ്. ആർ. ഒ. നമ്പർ 903/2018.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ നമ്പർ (പി) 2/2013/സാം.കാ.വ. വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും, 2013 മാർച്ച് 27-ാം തീയതിയിലെ 910-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 247/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിലേക്കായി, ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങളിലെ 5-ാം ചട്ടം, (1)-ാം ഉപചട്ടത്തിൽ "ഇരുപതിനായിരം" എന്ന വാക്കിന് പകരം "മുപ്പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,
*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ജനുവരി 8-ാം തീയതിയിലെ നമ്പർ (പി) 2/2013/സാം.കാ.വ. വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2013 മാർച്ച് 27-ാം തീയതിയിലെ 910-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 247/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങളിലെ 5-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ക്ഷേമനിധി ബോർഡിന്റെ ഫുൾടൈം ചെയർമാന്റെ സഞ്ചിതവേതനം, ഇരുപതിനായിരം രൂപയിൽനിന്നും മുപ്പതിനായിരം രൂപയായി വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.